**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കൊല്ലം ജില്ല - ദേശീയപാത വികസനത്തിനായി കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളുടെ സ്ഥലം ഏറ്റെടുത്ത ഇനത്തിൽ നഷ്ടപരിഹാരതുക കൊല്ലം ജില്ലാ പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1048/2026/LSGD തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:-

1. GO(P) No. 190/2021/RD തീയതി 25.11.2021 സർക്കാർ ഉത്തരവ്
2. GO(Rt) No.232/2022/ധന തീയതി 12.01.2022 സർക്കാർ ഉത്തരവ്
3. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റിയുടെ 17.03.2023 ലെ A1-2752/2022 നമ്പർ നടപടിക്രമം.
4. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റിയുടെ 08.05.2023 ലെ A1-2571/2022 നമ്പർ നടപടിക്രമം.
5. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റിയുടെ 03.07.2023 ലെ A1-2840/2022 നമ്പർ നടപടിക്രമം.
6. കൊല്ലം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റിയുടെ 06.07.2023 ലെ A1-2183/2022 നമ്പർ നടപടിക്രമം.
7. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.10.2025 ലെ നമ്പർ എ10/1793/2024 നമ്പർ കത്ത്
8. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 31.10.2025 ലെ LSGD/PD/25917/2025-REV6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ദേശീയപാത 66-ന്റെ വികസനത്തിനായി കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഗവ. ബോയ്സ് ഹൈസ്കൂൾ ശങ്കരമംഗലം, പുത്തൻതുറ എ.എച്ച്.എസ്.എസ്. നീണ്ടകര, ഗവ. ഹൈസ്കൂൾ കല്ലുവാതുക്കൽ, ഗവ. വി.എച്ച്.എസ്.എസ്. ചാത്തന്നൂർ എന്നീ സ്കൂളുകളുടെ സ്ഥലം ഏറ്റെടുത്തതിന്റെ ഇനത്തിൽ ലഭിക്കേണ്ടതായ നഷ്ടപരിഹാരതുക ചുവടെചേർക്കും പ്രകാരം ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക കൊല്ലം ജില്ലാ പഞ്ചായത്തിന് അനുവദിക്കണമെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (7) ലെ

അപേക്ഷ പരിഗണിച്ച് കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിയ്ക്കണമെന്ന് പരാമർശം (8) പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നു.

| ക്രമ നം. | കൊല്ലം ജില്ലാ പഞ്ചായത്തിന്റെ സ്ഥലം ഏറ്റെടുത്തത് | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റിയുടെ നടപടിക്രമം | നഷ്ടപരിഹാര തുക |
|---|---|---|---|
| 1. | ഗവ. ബോയ്സ് ഹൈസ്കൂൾ ശങ്കരമംഗലം | 03.07.2023 ലെ A1-2840/2022 നമ്പർ നടപടിക്രമം. | ₹56,34,478/- |
| 2. | പുത്തൻതുറ എ.എച്ച്.എസ്.എസ് നീണ്ടകര | 08.05.2023 ലെ A1-2571/2022 നമ്പർ നടപടിക്രമം. | ₹39,76,142/- |
| 3. | ഗവ. ഹൈസ്കൂൾ കല്ലുവാതുക്കൽ | 17.03.2023 ലെ A1-2752/2022 നമ്പർ നടപടിക്രമം. | ₹12,73,003/- |
| 4. | ഗവ. വി.എച്ച്.എസ്.എസ്. ചാത്തന്നൂർ | 06.07.2023 ലെ A1-2183/2022 നമ്പർ നടപടിക്രമം. | ₹49,35,214/- |
| | | ആകെ തുക | 1,58,18,837/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയപാത വികസനത്തിന്റെ ഭാഗമായി കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഗവ. ബോയ്സ് ഹൈസ്കൂൾ ശങ്കരമംഗലം, പുത്തൻതുറ എ.എച്ച്.എസ്.എസ്. നീണ്ടകര, ഗവ. ഹൈസ്കൂൾ കല്ലുവാതുക്കൽ, ഗവ. വി.എച്ച്.എസ്.എസ്. ചാത്തന്നൂർ എന്നീ സ്കൂളുകളുടെ സ്ഥലം ഏറ്റെടുത്തിട്ടുള്ള ഇനത്തിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ ആന്റ് കോമ്പീറ്റന്റ് അതോറിറ്റി പരാമർശം (3),(4),(5), & (6) പ്രകാരം ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമായ നഷ്ടപരിഹാര തുകയായ 1,58,18,837/- (ഒരു കോടി അമ്പത്തിയെട്ട് ലക്ഷത്തി പതിനെണ്ണായിരത്തി എണ്ണൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം )0075-00-105-98 ശീർഷകത്തിൽ നിന്നു ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടി തുക അതത് സ്കൂളുകളുടെ അടിസ്ഥാനസൗകര്യത്തിന് മാത്രം ഉപയോഗിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ ; കൊല്ലം ജില്ലാ പഞ്ചായത്തിന് അനുവദിച്ചു നൽകുന്നതിന് തദ്ദേശ സ്വംയഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

1. പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനു ഒരു ഡി.ഡി.ഒ യെ ചുമതലപ്പെടുത്തുക
2.ഇതിന് ശേഷം ട്രഷറി റീ ഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനു ട്രഷറിയെ സമീപിക്കുക.
3.ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ട് ചലാൻ വിശദാംശങ്ങൾ സഹിതം റീഫണ്ടു ബില്ല് എടുത്തു ട്രഷറിയിൽ സമർപ്പിച്ചു തുക മാറി നൽകുക. തുക പിൻവലിച്ചു ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുന്നതിനു ട്രീഷറിയിൽ മുഖാന്തരം നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 26.03.2026 ലെ 3444930/DEV-2/56/2026-FIN)
ട്രഷറി ഡയറക്റ്റർ
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി1/9/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 23-05-2026 14:35:43